**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1527**

**01.11.2019 - ൽ മറുപടിയ്ക്ക്**

# കർഷകർക്ക് ഗുണമേൻമയുള്ള വിത്തിനങ്ങളുടെ വിതരണം

**ചോദ്യം**
**ശ്രീ.സി.കൃഷ്ണൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ കർഷകർക്ക് ഗുണമേൻമയുള്ള വിത്തുകൾ സമയ ബന്ധിതമായി വിതരണം ചെയ്യാൻ കഴിയണം എന്നുള്ളതിനാൽ വിത്ത് വിതരണത്തിന് വകുപ്പിൽ കുറ്റമറ്റ സംവിധാനം നിലവിലുണ്ടോ; വിശദീകരിക്കാമോ; | എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിയ്ക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേൻമയുള്ളതുമായ വിത്തുകൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതിയിലൂടെ ഉൽപാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK), നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ (BMFC), കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഇൻഡ്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് (ICAR) സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. |

| | |
|---|---|
| **ബി)** കെ.എസ്.എസ്.ഡി.എ. (കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെൻറ് അതോറിറ്റി) യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | **ബി)** ഗുണമേന്മയുള്ള വിത്തുത്പാദനം സംബന്ധിച്ച് കർഷകരെ പരിശീലിപ്പിക്കുന്നതിനും രജിസ്റ്റേഡ് വിത്തുത്പാദന പദ്ധതി പ്രകാരം നെൽവിത്ത് ഉത്പാദനം, സംഭരണം, സംസ്കരണം, വിതരണം എന്നിവ നടപ്പിലാക്കുന്നതിനുമായി പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.എസ്.ഡി.എ.യ്ക്ക് ഫണ്ട് അനുവദിച്ചു വരുന്നു. കർഷകരിൽ നിന്ന് സംഭരിക്കുന്ന നെൽവിത്ത് സംസ്കരിച്ച് സൂക്ഷിക്കുന്നതിലേയ്ക്കായി പാലക്കാട്, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കെ.എസ്.എസ്.ഡി.എ. യ്ക്ക് ഗോഡൗണുകൾ ഉണ്ട്. അതിന് പുറമേ തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ സീഡ് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി നിർമ്മിതി കേന്ദ്രയ്ക്ക് 192 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സീഡ് സർട്ടിഫിക്കേഷനു വേണ്ടി ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| **സി)** ഹൈബ്രിഡ് വിത്തിനങ്ങൾ കർഷകർക്ക് സൗജന്യ നിരക്കിൽ നൽകാൻ കഴിയുന്ന സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | **സി)** ഹൈബ്രിഡ് വിത്തുകൾ കർഷകർക്ക് സൗജന്യ നിരക്കിൽ നൽകാൻ കഴിയുന്ന സംവിധാനം നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**